**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2526</u>** **<u>12-10-2021 - ൽ മറുപടിയ്ക്ക്</u>**

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ കെ.എസ്.ഇ.ബി. പദ്ധതികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | **Shri. K. Krishnankutty**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ഇ.ബി. കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ആഗോള നിലവാരത്തിലുള്ളതും, തടസ്സരഹിതമായതും ഗുണമേന്മയേറിയതും, അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ-ന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന ദ്യുതി പദ്ധതി, പരമ്പരാഗത തെരുവ് വിളക്കുകൾ മാറ്റി എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്ന “നിലാവ് " പദ്ധതി എന്നിവ നടന്നുവരുന്നു. കൂടാതെ സൗര പദ്ധതിയിൽ നോൺ സബ്സിഡി വിഭാഗത്തിൽ 8 നിലയങ്ങൾക്ക് വർക്ക് ഓർഡർ നൽകിയതിൽ നിന്നും 3 നിലയങ്ങൾ (106 കിലോവാട്ട്) കമ്മീഷൻ ചെയ്തു. 19 കിലോവാട്ടിന്റെ 4 പ്ലാന്റുകളും (19KW) നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കാസർഗോഡ് സോളാർ പാർക്കിന്റെ ഭാഗമായി 5MW പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ടെൻഡറിംഗ് നടപടികൾ പുരോഗമിക്കുന്നു.1 നിലയം ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇതിനുപുറമെ 44 ഉപഭോക്താക്കൾക്ക് (190.6 KW) വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. സൗര സബ്സിഡി സ്കീമിൽ 4 കിലോവാട്ടിന്റെ ഒരു പ്ലാന്റ് ആണ് സ്ഥാപിച്ചിട്ടുള്ളത്. |
| (ബി) | ഇവയിൽ ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) | 33 കെ.വി ബേളൂർ ഓട്ട് ഡോർ സബ് സ്റ്റേഷനിൽ 11കെ.വി ഇൻഡോർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. ദ്യുതി പദ്ധതിയിൽ 2018-19,2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ എച്ച്.ടി ലൈൻ, എൽ.ടി ലൈൻ എന്നിവ നിർമിക്കുന്ന പ്രവൃത്തികൾ, പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കൽ, ലൈൻ റീ കണ്ടക്ടറിങ് നടത്തുന്ന പ്രവൃത്തികൾ എന്നിവയ്ക്കായി ആകെ 1277.72 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിലുൾപ്പെട്ടിരിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു നിലാവ് പദ്ധതി പ്രകാരം മടിക്കൈ, പനത്തടി, കാഞ്ഞങ്ങാട്, അജാനൂർ |

| | | | |
|---|---|---|---|
| | | | എന്നീ പഞ്ചായത്തുകളിലായി 2500 എൽ.ഇ.ഡി ബൾബുകൾ സ്ഥാപിക്കാൻ തീരുമാനിച്ചതിൽ 1463 എൽ.ഇ.ഡി ബൾബുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 110 കെ.വി സബ്സ്റ്റേഷൻ കാഞ്ഞങ്ങാട് സബ്സ്റ്റേഷൻ കോംമ്പൗണ്ടിനുള്ളിൽ ഒരു ഇലക്ട്രിക്ക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷന്റെ നിർമ്മാണ ജോലി പുരോഗമിക്കുന്നു. 2021 നവംബർ മാസത്തോടെ പ്രസ്തുത പ്രവൃത്തി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. അമ്പലത്തറ 220 കെ.വി സോളാർ സബ്സ്റ്റേഷനിൽ പുതുതായി ഒരു 220/110 കെ.വി 100 എം.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി 2022 മാർച്ച് മാസത്തോടെ പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ? | (സി) | 1. ബേളൂർ 33 കെ.വി സബ്സ്റ്റേഷനിൽ ട്രാൻസ്ഫോർമറിന്റെ ശേഷി 10 എം.വി.എ യിൽ നിന്നും 16 എം.വി.എ ആയി വർദ്ധിപ്പിക്കുന്ന പ്രവൃത്തി ഡീറ്റയിൽഡ് പ്രോജക്ട് തയ്യാറാക്കി, ഭരണാനുമതിക്ക് വേണ്ടിയുള്ള നടപടികൾ ഉടനെ ആരംഭിക്കുന്നതാണ്.<br>2. കാഞ്ഞങ്ങാട് 110 കെ.വി സബ്സ്റ്റേഷനിൽ ട്രാൻസ്ഫോർമറിന്റെ ശേഷി 25 എം.വി.എയിൽ നിന്നും 40 എം.വി.എ ആയി വർദ്ധിപ്പിക്കുന്ന പ്രവൃത്തിക്കുവേണ്ടിയുള്ള ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി. ടി ജോലിക്ക് വേണ്ടിയുള്ള ഭരണാനുമതി ഉടൻ നൽകുന്നതാണ്. വൈദ്യുതി വിതരണത്തിന്റെ ഗുണനിലവാരവും വിശ്വാസ്യതയും മെച്ചപ്പെടുത്താനും പ്രസരണ വിതരണ നഷ്ടം കുറയ്ക്കാനും അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി വിതരണ മേഖലയിലെ യൂട്ടിലിറ്റികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള കേന്ദ്രസഹായ പദ്ധതിയായ Revamped Distribution Sector Scheme ന്റെ DPR തയ്യാറാക്കുന്ന പ്രവൃത്തികൾ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലും നടന്നു വരുന്നു. കെ.എസ്.ഇ.ബി.എൽ മുഖേനെ ഡിസ്ട്രിക്ട് ആയുർവേദ ഹോസ്പിറ്റൽ, ജി.എച്ച്.എസ്.എസ്. കട്ടമത്ത് ചെറുവത്തൂർ എന്നീ സ്ഥാപനങ്ങൾ കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് (ഡെപ്പോസിറ്റ് വർക്ക്) 35 kwpയുടെ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ DPR തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ